No. CEE/4796/M.SC(MLT)/2017/TA4

**കേരള സർക്കാർ**
പ്രവേശന പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ,
തിരുവനന്തപുരം–695 001.

# പത്രക്കുറിപ്പ്

## എം.എസ്.സി.(എം.എൽ.റ്റി.) കോഴ്സ് –2017
## സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച്

2017 വർഷത്തെ **എം.എസ്.സി.(എം.എൽ.റ്റി.)** കോഴ്സിലേക്ക് അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്നവർ **27.12.2017–ന്** പ്രവേശന പരീക്ഷാകമ്മീഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട് യോഗ്യത നേടിയവരായിരിക്കണം. അവർ **30.12.2017–ന് രാവിലെ 11 മണിക്ക് തിരുവനന്തപുരം മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ** വച്ചു നടക്കുന്ന സ്പോട്ട് അഡ്മിഷനിൽ ഹാജരാകേണ്ടതാണ്.

www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ **'M.Sc(MLT)-2017 candidate portal'** എന്ന ലിങ്കിൽ ലോഗിൻ ചെയ്ത് **'ഡാറ്റാഷീറ്റ്'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഡാറ്റാഷീറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

**സ്പോട്ട് അഡ്മിഷന് ഹാജരാക്കേണ്ട രേഖകൾ–**

അഡ്മിഷൻ സമയത്ത് എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകൾ/ രേഖകൾ ഹാജരാക്കേണ്ടതാണ്.

1. ജനന തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്/ എസ്.എസ്.എൽ.സി. ബുക്ക്.
2. പ്ലസ്ടു മാർക്ക് ലിസ്റ്റ്.
3. അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നും ലഭിച്ച റ്റി.സി.
4. പാസ്പോർട്ട് വലുപ്പത്തിലുള്ള രണ്ട് ഫോട്ടോ.
5. ബി.എസ്.സി.(എം.എൽ.റ്റി.) പരീക്ഷയുടെ മാർക്ക്ലിസ്റ്റ്.
6. പാരാമെഡിക്കൽ രജിസ്ട്രേഷൻ.
7. സ്വഭാവ സർട്ടിഫിക്കറ്റ്.
8. ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ്.
9. ഡാറ്റാ ഷീറ്റ്.
10. പ്രവേശന പരീക്ഷാകമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന 29,975/– രൂപയുടെ ഡി.ഡി.
11. ബി.എസ്.സി.(എം.എൽ.റ്റി.)യുടെ അസ്സൽ സർട്ടിഫിക്കറ്റ്/ പ്രൊവിഷണൽ സർട്ടിഫിക്കറ്റ്.

Santhoshkumar

**പ്രവേശന പരീക്ഷാകമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം,
28.12.2017